1998-1999 മുതൽ 2002-2003 വരെയുള്ള കാലയളവിൽ ബോർഡ് വാങ്ങിയ മൊത്തം വായ്പയുടെ വിവരവും സർക്കാർ നൽകിയ തുകയുടെ വിവരവും അനുബന്ധമായി ചേർക്കുന്നു.†

ബോർഡിന്റെ ബജറ്റ് വിഹിതവും കടവും

4 (892) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001, 2001-2002, 2002-2003, 2003-2004 എന്നീ ഓരോ സാമ്പത്തിക വർഷവും ഇലക്ട്രിസിറ്റി ബോർഡിന്റെ ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ ഓരോ ഉപവിഭാഗത്തിന്റെയും ബഡ്ജറ്റ് പ്രകാരമുള്ള പദ്ധതി വിഹിതവും, യഥാർത്ഥചെലവും സംബന്ധിച്ച പട്ടിക ലഭ്യമാക്കുമോ ;

(ബി) ഈ കാലയളവിൽ ബോർഡ് വാങ്ങിയ മൊത്തം കടം ഓരോ വർഷവും എത്രകോടി വീതമായിരുന്നു ?

ഉത്തരം

(എ) പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) സർക്കാർ വായ്പ ഉൾപ്പെടെ 2000-2001 മുതൽ ഓരോ വർഷവും വാങ്ങിയ മൊത്തം കടത്തിന്റെ വിവരം താഴെ ചേർക്കുന്നു.

2000-01	—	1,303.07 കോടി രൂപ
2001-02	—	690.31 കോടി രൂപ
2002-03	—	1,381.72 കോടി രൂപ
2003-04	—	101.03 കോടി രൂപ

(31-3-2003 വരെ)

കെ. എസ്. ഇ. ബി. യ്ക്ക് ലഭിച്ച വായ്പ

5 (893) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. യ്ക്ക് എത്ര കോടി രൂപ വിദേശ വായ്പയായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എ. ഡി. ബി. യിൽ നിന്നും കെ. എസ്. ഇ. ബി. പരിഷ്ക്കരണത്തിനായി വാങ്ങിയിട്ടുള്ള തുക കെ. എസ്. ഇ. ബി. യ്ക്ക് ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

---

†അനുബന്ധം III, IV

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് കെ. എസ്. ഇ. ബി. എ. ഡി. ബി. വായ്പ എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുന്ന കരാർ ലഭ്യമാക്കുമോ ;

(ഡി) എ. ഡി. ബി. വായ്പാ വ്യവസ്ഥകൾ അനുസരിച്ച് വൈദ്യുതി ചാർജ് കൂട്ടുന്നതിനോ ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നതിനോ നിർദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 21.15 കോടി രൂപ. ഇത് 2001-2002, 2002-2003 എന്നീ സാമ്പത്തിക വർഷങ്ങളിൽ കാനഡയിലെ എക്സ്പോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും കുറ്റ്യാടി എക്സ്റ്റൻഷൻ, പള്ളിവാസൽ, ചെങ്കുളം എന്നീ പദ്ധതികളുടെ നവീകരണത്തിനുവേണ്ടി ലഭിച്ച തുകയാണ്.

(ബി) 2002-2003 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനയിൽ അനുവദിച്ചിരുന്ന 200 കോടി രൂപ ബോർഡ് 2002-2003-ൽ സർക്കാരിന് നൽകാനുള്ള ഇലക്ട്രിസിറ്റി ഡ്യൂട്ടി (179 കോടി രൂപ) സർചാർജ് (6 കോടിരൂപ), ഗ്യാരന്റീ ഫീസ് (15 കോടി രൂപ) ഇവയിൽ തട്ടിക്കഴിച്ച് ഉത്തരവായിട്ടുണ്ട്.

(സി) എ. ഡി. ബി. യിൽ നിന്ന് കെ. എസ്. ഇ. ബി. വായ്പ എടുത്തിട്ടില്ല.

(ഡി) എ. ഡി. ബി. നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

വൈദ്യുതി ബോർഡിന്റെ പ്രതിസന്ധിക്കുള്ള കാരണങ്ങൾ

6 (894) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിദ്യുച്ഛക്തി ബോർഡിലെ പ്രതിസന്ധിക്കുള്ള കാരണങ്ങളെക്കുറിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത് പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസരണ നഷ്ടം കുറച്ച് വൈദ്യുതി ചാർജ് വർദ്ധിപ്പിക്കാതെ ബോർഡിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു.

1. വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റാൻ ഉയർന്ന നിരക്കിലുള്ള താപ വൈദ്യുതിയെ ക്രമാതീതമായി ആശ്രയിക്കേണ്ടി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly